# പതിനാലാം കേരള നിയമസഭ

## പതിനഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 931 — 10.06.2019-ൽ മറുപടിക്ക്

## <u>മൃഗശാല വകുപ്പിൽ നടപ്പാക്കിയ വികസന പ്രവർത്തനങ്ങൾ</u>

**<u>ചോദ്യം</u>**

ശ്രീ.സി.ദിവാകരൻ.
ശ്രീ.കെ.രാജൻ.
ശ്രീ.ജി.എസ്.ജയലാൽ.
ശ്രീമതി.സി.കെ.ആശ.

**<u>ഉത്തരം</u>**

ശ്രീ. കെ.രാജു
(ബഹു.വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി)

| | | | |
|---|---|---|---|
| (എ) | ഈ സർക്കാർ മൃഗശാല വകുപ്പിൽ നടപ്പാക്കിയ വികസന പ്രവർത്തനങ്ങൾ എന്തെല്ലാമാണെന്ന് അറിയിക്കാമോ; | (എ) | തിരുവനന്തപുരം മൃഗശാലയുടെ നവീകരണത്തിനായി കേന്ദ്ര മൃഗശാലാ അതോറിറ്റി അംഗീകരിച്ച മാസ്റ്റർ പ്ലാൻ പ്രകാരമുള്ള നവീകരണ പ്രവർത്തികളാണ് നടത്തി വരുന്നത്. ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം ജലപക്ഷികൾക്ക് വേണ്ടിയുള്ള വാസസ്ഥലത്തിന്റെ നിർമ്മാണം, അക്വേറിയത്തിന്റെ നവീകരണം, ഇൻഡ്യൻ കാട്ടുപോത്തുകൾക്കു വേണ്ടിയുള്ള പരിബന്ധനത്തിന്റെ നിർമ്മാണം, സ്ത്രീ സൗഹാർദ്ദപരമായി വിശ്രമ മുറിയോട് ചേർന്ന ടോയ് ലറ്റ് ആന്റ് മദേഴ്സ് ഫീഡിംഗ് സെന്റർ, എന്നിവ പൂർത്തീകരിച്ചിട്ടുണ്ട്. മൃഗശാലാ ഓഫീസിനും സ്റ്റോറിനുമായുള്ള കെട്ടിടത്തിന്റെ നിർമ്മാണം, ഇന്റർപ്രിട്ടേഷൻ സെന്ററിന്റെ നിർമ്മാണം, വിദേശ പക്ഷികളെ പാർപ്പിക്കുന്ന കൂടിന്റെ നവീകരണം, ചിത്രശലഭ പാർക്കിന്റെ നിർമ്മാണം, ജിറാഫ്, സീബ്ര എന്നിവയെ പാർപ്പിക്കുന്ന കൂടിന്റെ നവീകരണം എന്നീ ജോലികൾ പുരോഗമിച്ചു വരുന്നു. മൃഗശാലയുടെ കോമ്പൗണ്ട് മതിലിന്റെ അറ്റകുറ്റപ്പണികൾ, കുരങ്ങു വർഗത്തിൽപ്പെട്ടവയെ പാർപ്പിക്കുന്ന പരിബന്ധനത്തിന്റെ നവീകരണം, കൃഷ്ണമൃഗത്തെ പാർപ്പിക്കുന്ന കൂടിന്റെ നവീകരണം, പന്നിമാൻ കൂടിന്റെ നവീകരണം, സിംഹക്കൂടിന്റെ അറ്റകുറ്റപ്പണികൾ ഒട്ടകപ്പക്ഷി കൂടിന്റെ അറ്റകുറ്റപ്പണികൾ എന്നിവയ്ക്ക് സർക്കാർ അനുമതി നൽകിയിട്ടുണ്ട്. |

| | | | |
|---|---|---|---|
| | | | തൃശ്ശൂർ മൃഗശാലയിൽ അനാക്കോണ്ട പാമ്പുകൾക്ക് വേണ്ടിയുള്ള പരിബന്ധനത്തിന്റെ നിർമ്മാണം, ഉരഗങ്ങളുടെ പരിബന്ധനത്തിന്റെ നവീകരണം, ആധുനിക രീതിയിലുള്ള അക്വേറിയത്തിന്റെ നിർമ്മാണം എന്നിവയാണ് മ്യൂസിയം മൃഗശാലാവകുപ്പിലെ വികസന പ്രവർത്തികൾ. |
| (ബി) | തിരുവനന്തപുരം മൃഗശാലയിൽ ഏതൊക്കെ പുതിയ മൃഗങ്ങളെയും പക്ഷികളെയും കൊണ്ടുവന്നെന്നും നിലവിലുള്ള മൃഗങ്ങളെ പാർപ്പിക്കുന്ന സൗകര്യങ്ങളിൽ എന്തൊക്കെ നവീകരണം നടത്തിയെന്നും വ്യക്തമാക്കുമോ; | (ബി) | ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം വണ്ടല്ലൂർ മൃഗശാലയിൽ നിന്നും രണ്ട് ജോടി വെള്ള മയിലുകൾ, രണ്ട് ജോഡി റെറ്റിക്കുലേറ്റഡ് പൈത്തൻ, നാഗാലാന്റ് മൃഗശാലയിൽ നിന്നും ഏഷ്യാട്ടിക് ബ്ലാക്ക് കരടികൾ, കാൺപൂർ മൃഗശാലയിൽ നിന്നും ഒരു ജോഡി കഴുതപ്പുലികൾ എന്നിവയെയാണ് തിരുവനന്തപുരം മൃഗശാലയിലേക്ക് കൊണ്ടുവന്നിട്ടുള്ളത്. തിരുവനന്തപുരം മൃഗശാലയിൽ വിദേശപക്ഷികളെ പാർപ്പിക്കുന്ന കൂട്ടുകളുടെ നവീകരണം, ജിറാഫ്, സീബ്ര എന്നിവയെ പാർപ്പിക്കുന്ന കൂട്ടുകളുടെ നവീകരണം, കടുവ കൂട്ടുകളുടെ നവീകരണം, കുരങ്ങു വർഗത്തിൽപ്പെട്ട മൃഗങ്ങളെ പാർപ്പിക്കുന്ന പരിബന്ധനത്തിന്റെ നവീകരണം, സാമ്പാർഡിയർ, കാണ്ടാമൃഗക്കൂട് എന്നിവയുടെ മോട്ടിന്റെ നവീകരണം, കറുത്ത അരയന്നങ്ങളെ പാർപ്പിക്കുന്ന കൂടിന്റെ നവീകരണം, മുള്ളൻ പന്നികളെ പാർപ്പിക്കുന്ന കൂടിന്റെ നവീകരണം എന്നിവയുടെ ജോലികൾ പുരോഗമിച്ചു വരുന്നു. സിംഹക്കൂടിന്റെ അറ്റകുറ്റപ്പണികൾ, ഒട്ടകപ്പക്ഷിക്കൂടിന്റെ അറ്റകുറ്റപ്പണി, പന്നിമാൻ കൂടിന്റെ നവീകരണം, കൃഷ്ണമൃഗക്കൂടിന്റെ നവീകരണം എന്നിവയ്ക്ക് സർക്കാരിന്റെ ഭരണാനുമതി ലഭ്യമായിട്ടുണ്ട്.<br><br>തൃശ്ശൂർ മൃഗശാലയിൽ സിംഹം, കടുവ, പുള്ളിപ്പുലി, മാൻ, ഒട്ടകപ്പക്ഷി, എമു, മയിൽ, ഹിപ്പോപ്പൊട്ടാമസ് എന്നിവയുടെ കൂട്ടുകളുടെ നവീകരണ പ്രവർത്തികൾ പുരോഗമിച്ചു വരുന്നു. |
| (സി) | തൃശ്ശൂർ മൃഗശാലയിൽ നടപ്പാക്കിയ വികസന പ്രവർത്തനങ്ങളുടെയും മൃഗശാല മാറ്റി സ്ഥാപിച്ചത് | (സി) | വനം വകുപ്പിന്റെ കീഴിൽ പുത്തൂർ മൃഗശാലയിൽ മൃഗങ്ങളെ പാർപ്പിക്കുന്നതിനുള്ള പരിബന്ധനങ്ങളുടെ നിർമ്മാണം പൂർത്തീകരിച്ചാൽ മാത്രമേ |

| | | | |
|---|---|---|---|
| | സംബന്ധിച്ച വിശദാംശങ്ങളും ലഭ്യമാക്കുമോ; | | തൃശ്ശൂർ മൃഗശാലയിലെ മൃഗങ്ങളെ മാറ്റി പാർപ്പിക്കാൻ സാധിക്കുകയുള്ളൂ.<br><br>തൃശ്ശൂർ നഗരമധ്യത്തിൽ സ്ഥിതിചെയ്യുന്ന മൃഗശാലയിലെ മൃഗങ്ങളെ സുരക്ഷിതമായി മാറ്റി പാർപ്പിക്കുന്നതിനായി കേന്ദ്ര മൃഗശാല അതോറിറ്റിയുടെ മാനദണ്ഡങ്ങൾ പാലിച്ച് മാൻ, ഒട്ടകപ്പക്ഷി, എമു, മയിൽ, സിംഹം, കടുവ, പുള്ളിപ്പുലി, ഹിപ്പോപ്പൊട്ടാമസ് എന്നിവയുടെ കൂടുകളുടെ അറ്റകുറ്റപ്പണികൾ നടത്തുകയും, ആധുനിക രീതിയിലുള്ള അക്വേറിയത്തിന്റെ നിർമ്മാണം പുരോഗമിച്ച് വരുകയും ചെയ്യുന്നു. |
| (ഡി) | മൃഗശാലയിലേക്ക് വരുന്ന സന്ദർശകർക്ക് ആവശ്യമായ സൗകര്യങ്ങൾ ഉറപ്പാക്കിയിട്ടുണ്ടോ; വിശദാംശം വ്യക്തമാക്കുമോ? | (ഡി) | മൃഗശാലയിലേക്ക് വരുന്ന സന്ദർശകർക്കു ആവശ്യമായിട്ടുള്ള സൗകര്യങ്ങൾ മൃഗശാലയിൽ ഏർപ്പെടുത്തിയിട്ടുണ്ട്. മൃഗശാല സന്ദർശനം നടത്തുന്നവരുടെ സാധനങ്ങൾ സൂക്ഷിക്കുന്നതിനായി ക്ലോക്ക് റൂം, മൃഗശാല സന്ദർശനം നടത്തുന്നതിനായി ബാറ്ററി വാഹനങ്ങൾ, ഭിന്നശേഷിയുള്ളവർക്കായി വീൽചെയറുകൾ, ഇ - ടോയ് ലറ്റുകൾ, സ്ത്രീ സൗഹാർദ്ദപരമായ ടോയ് ലറ്റ്, ശീതീകരിച്ച കുടിവെള്ളം, മതിയായ സൈൻ ബോർഡുകൾ എന്നിവ ഉറപ്പു വരുത്തിയിട്ടുണ്ട്. വംശനാശം നേരിടുന്ന ജന്തുജാലങ്ങളെ പരിചയപ്പെടുത്തുന്നതിനായുള്ള ഇന്റർപ്രിട്ടേഷൻ സെന്ററിന്റെ നിർമ്മാണം പുരോഗമിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ